**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2814** **22-01-2021 - ൽ മറുപടിയ്ക്ക്**

**കടലാക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പല ഭാഗങ്ങളിലും മുമ്പൊരിക്കലും ഉണ്ടാകാത്ത രീതിയിൽ രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇപ്രകാരം കടലാക്രമണം രൂക്ഷമാകുന്നതിന്റെ കാരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളത്തിന്റെ തീരപ്രദേശത്ത് ആവർത്തിച്ചുണ്ടാകുന്ന കടലാക്രമണത്തെക്കുറിച്ച് പഠനം നടത്തുന്നതിന് കേന്ദ്ര ജലകമ്മീഷൻ, ജലസേചനവകുപ്പ്, ചെന്നൈ ഐ.ഐ.റ്റി എന്നിവയുടെ നേതൃത്വത്തിൽ വിശദമായ വിവരശേഖരണം നടന്നു വരുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച്, കേരളത്തിന്റെ തീരപ്രദേശം കടലാക്രമണത്തിന് വിധേയമാകുന്നുണ്ടെന്നതിനു പുറമേ അതിന്റെ രൂക്ഷതയും വർദ്ധിക്കുന്നതായി കാണുന്നു. പൂന ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻറ് പവ്വർ റിസർച്ച് സ്റ്റേഷൻ (കേന്ദ്ര ജലവിഭവ മന്ത്രാലയത്തിനു കീഴിലുള്ള സ്ഥാപനം) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെന്നൈ- എന്നീ സ്ഥാപനങ്ങളുടെ പഠനങ്ങളിൽ കേരളതീരത്ത് അനുവർത്തിക്കേണ്ട സംരക്ഷണ രീതികളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. അതിനനുസരിച്ചുള്ള പ്രവൃത്തികളാണ് ജലസേചനവകുപ്പ് മുഖേന നിലവിൽ നിർവ്വഹിച്ചു വരുന്നത്. ചെന്നൈ ഐ.ഐ.ടി യുടെ ഡിപ്പാർട്ട്മെൻറ് ഓഫ് ഓഷ്യൻ വിഭാഗം കേരള, തമിഴ്.നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ മൂന്ന് തീരപ്രദേശത്തെക്കുറിച്ച് പഠിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ വിവരശേഖരണം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ പൊന്നാനി കടൽത്തീരത്തും കടലിനുള്ളിലും നിന്ന് തീര പഠനത്തിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി (Wave, current,tide,wind, bathymetry (depth of water),shoreline changes, coastal sediment, riverine data-etc)വിവിധ ഉപകരണങ്ങൾ |

| | | | |
|---|---|---|---|
| | | | (scientific instruments) സ്ഥാപിച്ച് വിവരശേഖരണം നടത്തുന്നു. കോസ്റ്റൽ മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റം (സി.എം.ഐ.എസ്)-ത്തിന്റെ ഭാഗമായി 2016 നവംബർ മുതൽ 2019 ജൂൺ വരെയുള്ള നിരീക്ഷണം സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിൽ തീരദേശത്തെ പ്രശ്നങ്ങളുടെ രൂക്ഷത വർദ്ധിപ്പിക്കുന്നതിനുള്ള കാരണങ്ങളായി ചൂണ്ടിക്കാട്ടിയിട്ടുള്ളത് ഇനിപ്പറയുന്നവയാണ്. മത്സ്യബന്ധന പോർട്ടുകളുടെയും തുറമുഖങ്ങളുടെയും നിർമ്മാണം, ഡീസലിനേഷൻ പ്ലാൻറുകളുടെ വ്യാപനം, പവ്വർ പ്ലാന്റുകളുടെ വ്യാപനം, തുടങ്ങിയവയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും ഭാഗമായി സംഭവിക്കുന്ന കടൽജലം ഉയരുന്ന പ്രതിഭാസം, അടുത്തകാലത്തായി അറബിക്കടലിൽ അടിക്കടി രൂപംകൊള്ളുന്ന ചുഴലിക്കാറ്റുകൾ എന്നിവ കേരളതീരത്തുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല. |
| (സി) | ആലപ്പുഴ, അമ്പലപ്പുഴ ഭാഗത്ത് കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുലിമുട്ട് നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (സി) | പുലിമുട്ട് നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനായി 01.08.2017-ലെ സർക്കാർ ഉത്തരവ് നമ്പർ 659/2017/WRD പ്രകാരം സംസ്ഥാന സർക്കാരിന്റെ തന്നെ സംരംഭമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിനെ(KIIDC)യാണ് ചുമതലപ്പെടുത്തി യിരിക്കുന്നത്. കേരളത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങളിൽ (കാട്ടൂർ, അമ്പലപ്പുഴ, പതിയാൻകര, ആറാട്ടുപ്പുഴ, വട്ടച്ചാൽ) കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 184.04 കോടി രൂപ ചെലവിൽ ഗ്രോയിൻ ഫീൽഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ അമ്പലപ്പുഴ അസംബ്ലി നിയോജകമണ്ഡലത്തിലെ പുന്നപ്ര തെക്ക് അമ്പലപ്പുഴ വടക്ക് അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ 5.40 km നീളത്തിലുള്ള കടൽ തീരത്ത് 30 പുലിമുട്ടുകളുടെയും 345 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെയും നിർമ്മാണത്തിനായി 53.358 കോടി രൂപയും ആലപ്പുഴ അസംബ്ലി നിയോജകമണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂർ ഭാഗത്ത് 3.2 km നീളത്തിലുള്ള കടൽത്തീരത്ത് 34 പുലിമുട്ടുകളുടെ നിർമ്മാണത്തിനായി 49.856 കോടി രൂപയും ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിലെ ആറാട്ടുപുഴയിൽ 1.4 km നീളത്തിലുള്ള കടൽ തീരത്ത് 21 പുലിമുട്ടുകൾക്ക് |

| | | | |
|---|---|---|---|
| | | | 28.519 കോടി രൂപയും വട്ടച്ചാലിൽ 1.80 km നീളത്തിൽ 16 പുലിമുട്ടുകൾക്ക് 30.67 കോടി രൂപയും തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ 1.50 km നീളത്തിൽ 13 പുലിമുട്ടുകൾക്ക് 21.635 കോടി രൂപയുമാണ് അനുമതി നൽകിയത്. പ്രസ്തുത പദ്ധതികൾ ടെൻഡർ ചെയ്ത് കരാർ നടപ്പിലാക്കി പ്രവൃത്തികൾ ആരംഭിച്ചു. പരമ്പരാഗത രീതിയിൽ കല്ലുകൾ മാത്രം ഉപയോഗിച്ചുള്ള പുലിമുട്ടുകൾക്കു പകരം അടിയിൽ കല്ലുകളും മുകളിൽ കോൺക്രീറ്റ് നിർമിതമായ ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള രീതിയാണ് ഇതിൽ അവലംബിച്ചിരിക്കുന്നത്. കരയിൽ നിന്നും 20 മുതൽ 50 മീറ്റർ വരെ നീളമുള്ള പുലിമുട്ടുകൾക്കായി ജിയോ മാറ്റ് നിരത്തി അതിനു മുകളിൽ 1kg മുതൽ 500kg വരെ ഭാരമുള്ള കല്ലുകൾ നിരത്തി, അതിനു മുകളിൽ അഗ്ര ഭാഗത്ത് 5 ടൺ ഭാരമുള്ള ടെട്രാപോഡുകളും അതിനു പിന്നിൽ 2 ടൺ ഭാരമുള്ള ടെട്രാപോഡുകൾ രണ്ടു ലെയറായി നിരത്തിയാണ് ഇവ നിർമ്മിക്കുന്നത്. ഇതിൽ ടെട്രാപോഡുകളുടെ നിർമ്മാണം, കല്ലുകൾ തൂക്കുവാനുള്ള Weigh Bridge-കളുടെ നിർമ്മാണവും സ്ഥാപിക്കലും, മണ്ണിന്റെ ഉത്ഖനനം എന്നിവ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ